# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC NO:5458/2020/L

ദേവസ്വം കമ്മീഷണർ ഓഫീസ്
തിരുവനന്തപുരം
05/06/2025

## സർക്കുലർ

വിഷയം:- K.L.C നടപടികൾ പൂർത്തിയാക്കി കയ്യേറ്റം ഒഴിപ്പിച്ചെടുത്ത ഭൂമി അടമാനം വരുത്തുന്നത് സംബന്ധിച്ച്.

സൂചന:- ദേവസ്വം ബോർഡ് ഓഫീസിലെ 08.05.2025-ലെ ROC 3617/2025/LAND നമ്പർ ഉത്തരവ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലുള്ള ദേവസ്വം ഭൂമികളിലെ കയ്യേറ്റവുമായി ബന്ധപ്പെട്ട് ഭൂസംരക്ഷണ വിഭാഗം സ്പെഷ്യൽ തഹസിൽദാർ ഓഫീസ് മുഖേന 1957-ലെ K.L.C ആക്ട് ചട്ടങ്ങൾ പ്രകാരം നടപടികൾ പൂർത്തിയാക്കി നിയമ പ്രകാരം കയ്യേറ്റ കക്ഷികളെ ഒഴിപ്പിച്ച് ഏറ്റെടുത്ത് മഹസ്സർ പ്രകാരം കൈമാറി വരുന്ന ദേവസ്വം ഭൂമികൾ സമയബന്ധിതമായി അടമാനം വരുത്തി സംരക്ഷിക്കപ്പെടാത്തതിനാൽ വീണ്ടും ടി ഭൂമികൾ സ്വകാര്യ വ്യക്തികൾ കൈയ്യേറി വരുന്നതായി ഭൂസംരക്ഷണ വിഭാഗം സ്പെഷ്യൽ തഹസിൽദാർ ഓഫീസിൽ നിന്നും അറിയിപ്പ് ലഭിച്ചിട്ടുള്ളതാണ്.

കൈയ്യേറ്റം ഒഴിപ്പിച്ചെടുത്ത ഭൂമിയിൽ ദേവസ്വത്തിന്റെ അധീനതയിൽ നിലവിലുള്ള ഭൂമി എത്രയാണെന്നും ആയത് അടമാനം വരുത്തി സംരക്ഷിച്ചിട്ടുണ്ടോയെന്നുള്ള വിവരങ്ങൾ റിപ്പോർട്ട് ചെയ്യുവാൻ നിരവധി തവണ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആരും തന്നെ കൃത്യമായ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

തിരുവിതാകൂർ ദേവസ്വം ബോർഡിന്റെ അന്യാധീനപ്പെട്ട വസ്തുവകകൾ തിരിച്ചു പിടിച്ച് സംരക്ഷിക്കുന്നത് സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദേശങ്ങൾ ഉൾപ്പെടുത്തി നിരവധി സർക്കുലറുകളും ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

എന്നാൽ ആയതൊന്നും വ്യക്തമായി പരിശോധിക്കാതെയും, നടപടി സ്വീകരിക്കാതെയും ഇരിക്കുന്നതു നിമിത്തം കൈയ്യേറ്റം ഒഴിപ്പിച്ചെടുത്ത ദേവസ്വം വസ്തുക്കൾ പോലും അന്യാധീനപ്പെട്ട് പോകുന്ന സാഹചര്യമാണുള്ളത്.

ആകയാൽ ദേവസ്വം വസ്തു വകകൾ സംരക്ഷിക്കുന്നത് സംബന്ധിച്ച് നിലവിലുള്ള സർക്കുലറുകളും, ഉത്തരവുകളും വിശദമായി പരിശോധിച്ചും അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർ, ജൂനിയർ സൂപ്രണ്ടുമാർ എന്നിവർ സമയബന്ധിതമായി നടപടി സ്വീകരിക്കേണ്ടതാണ്.

കൂടാതെ ഭൂസംരക്ഷണ വിഭാഗം സ്പെഷ്യൽ തഹസിൽദാറുടെ നേതൃത്വത്തിൽ **K.L.C** ആക്ട് ചട്ടങ്ങൾ പ്രകാരം ഒഴിപ്പിച്ച് സ്കെച്ചും, മഹസ്സറും ഉൾപ്പെടെ ദേവസ്വം ഉദ്യോഗസ്ഥർക്ക് കൈമാറി വരുന്ന ഭൂമി, ടി നടപടി പൂർത്തിയാകുന്ന മുറയ്ക്ക് തന്നെ അടമാനം വരുത്തുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ എസ്റ്റേറ്റ് ഡിവിഷനുമായി ബന്ധപ്പെട്ട് അടിയന്തിര നടപടി കൈ കൊള്ളേണ്ടതാണ്. മേൽ പ്രവർത്തി ചെയ്യുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരുടെ പേരിൽ കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതായിരിക്കുന്നതാണ്.

**ദേവസ്വം കമ്മീഷണർ (ഇൻ-ചാർജ്ജ്)**
**ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ**
**(P&SGRC)**

**പകർപ്പ്-**

1. **സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ്**
2. **എക്സിക്യൂട്ടീവ് എഞ്ചിനീയർ-എസ്റ്റേറ്റ് ഡിവിഷൻ**
3. **എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും**
4. **എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും**
5. **സെക്ഷൻ ഫയൽ**
6. **ഫെയർ ഓഫീസ് കോപ്പി**

**RA 12/06**

Copy to
IT Division